**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സുനി. കെ.ടി യുടെ സേവനപുസ്തകത്തിൽ ജനനതീയതി തിരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ)നം.2992/ 2016/തസ്വഭവ    തീയതി, തിരുവനന്തപുരം, 31/10/2016

---

പരാമർശം: 1. 30.12.1991 ലെ സ.ഉ(പി) 45/91/ഉഭപവ ഉത്തരവ്.

2. പരീക്ഷാ വിഭാഗം ജോയിന്റ് കമ്മീഷണറുടെ 31/07/2015 ലെ കെ.ഡിസ്/എക്സ്/ബിസി3/2848/15/സിജിഇ നമ്പർ നടപടിക്രമം

3. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 3012/2014-ലെ സ.ഉ (സാധാ) നം. 5756/14/പൊവിവ.

4. ശ്രീ സുനി.കെ.ടി യുടെ 11/08/2015 ലെ അപേക്ഷ

5. പഞ്ചായത്ത് ഡയറക്ടറുടെ 10.02.2015 ലെ ഇ 6-3043/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ സുനി. കെ.ടി യുടെ സേവനപുസ്തകത്തിൽ ജനനതീയതി തിരുത്തുന്നതിനായി ടിയാൻ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം തുടർനടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചു.

ശ്രീ സുനി.കെ.ടി 30/09/2010 ലാണ് ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ചത്. സേവനപുസ്തകത്തിൽ ടിയാന്റെ ജനനതീയതി 27/05/1975-ഉം ജനനസർട്ടിഫിക്കറ്റിലെ ജനനതീയതി 24/11/1975 ഉം ആണ്. എസ്.എസ്.എൽ.സി ബുക്കിൽ ജനനതീയതി തിരുത്തുന്നതിനുള്ള കാലതാമസം മാപ്പാക്കി അപേക്ഷ സമർപ്പിക്കുന്നതിനു പരാമർശം 3

**(മറുപുറം...)**

ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം സ്കൂൾ സർട്ടിഫിക്കറ്റിൽ ജനനതീയതി പരീക്ഷാ വിഭാഗം ജോയിന്റ് കമ്മീഷണറുടെ പരാമർശം 2 ഉത്തരവ് പ്രകാരം തിരുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ ജനനത്തീയതി തിരുത്തുന്നതിനായി അപേക്ഷ സമർപ്പിയ്ക്കണമെന്നാണ് പരാമർശം 1 ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ശ്രീ സുനി. കെ.ടി സേവനത്തിൽ പ്രവേശിച്ച് 5 വർഷം തികഞ്ഞിട്ടില്ല. ആയതിനാൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ സുനി.കെ.ടി യുടെ ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന പ്രകാരം സേവനപുസ്തകത്തിൽ ജനനതീയതി തിരുത്തുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പാറ്റ്സി സ്റ്റീഫൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ശ്രീ സുനി.കെ.ടി, ക്ലാർക്ക്, പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
( പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ് (ഫയൽ നം. ഇപിഎ 1/70/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ